**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1429** | **08.02.2013 - ൽ മറുപടിക്ക്** |

## കരമന-കളിയിക്കാവിള റോഡ് വികസന പദ്ധതി

| ചോദ്യം<br>ശ്രീ. എ. എ. അസീസ് | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) കരമന-കളിയിക്കാവിള റോഡ് വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) 16.07.2012 -ൽ കൂടിയ എച്ച്.എൽ.സി. യുടെ തീരുമാനമനുസരിച്ച് 30.1784 ഹെക്ടർ സ്ഥലം ടി റോഡു വികസനത്തിനുവേണ്ടി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും അതനുസരിച്ച് 9/8/2012 -ൽ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഒന്നാംഘട്ടത്തിന്റെ 4(1) നോട്ടിഫിക്കേഷൻ നിലവിൽ വരികയും ചെയ്തു. തുടർ നടപടിയുടെ ഭാഗമായി സർവ്വേ വർക്കുകളും 5A ഹിയറിംഗും നടത്തി 04.12.2012 മുതൽ കെട്ടിടങ്ങളുടെ വില നിർണ്ണയം അതിവേഗം നടന്നു വരുന്നു. പുനരധിവാസ നടപടികൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. സ്ഥലമെടുപ്പുനടപടികൾ പൂർത്തിയാക്കി കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഏകദേശം 5.5. കി.മീ. ഭാഗം പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് കൈമാറിയാൽ ഉടൻ തന്നെ നിർമ്മാണ പ്രവൃത്തികളുമായി മുന്നോട്ടു പോകാമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. ട്രിഡ ചെയർമാൻ, കരമന-കളിയിക്കാവിള റോഡുവികസന പദ്ധതിയുടെ സ്പെഷ്യൽ ഓഫീസർ, പൊതുമരാമത്ത് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് സെക്രട്ടറി എന്നിവർ അടങ്ങിയ Scrutiny Committee ആണ് നിലവിലുള്ളത്. |
| (സി) | പദ്ധതി എത്ര ഘട്ടമായാണ് നടത്താൻ ഉദ്ദേശിക്കുന്നത്; | (സി) | രണ്ട് ഘട്ടമായിട്ടാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. |
| (ഡി) | ഓരോ ഘട്ടത്തിലെയും പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ? | (ഡി) | ഒന്നാം ഘട്ടമായ കരമന മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിൽ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഏകദേശം 5.5. കി.മീ. ദൂരം ഭാഗത്തെ സ്ഥലമെടുപ്പ നടപടികൾ 2013 മാർച്ചുമാസത്തോടെ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയുള്ള ഭാഗത്തിന്റെ സർവ്വേ നടപടികൾ 06.02.2013 മുതൽ തുടങ്ങാമെന്ന് പ്രതീക്ഷിക്കുന്നു. |

Salitha

സെക്ഷൻ ഓഫീസർ